# ബ്രാഹ്മണർ അർത്ഥം സദാ ശ്രേഷ്ഠ ഭാഗ്യത്തിന്റെ അധികാരി

ഇന്ന് ഭാഗ്യവിധാതാവായ ബാപ്ദാദ തന്റെ സർവ്വ കുട്ടികളുടെ ശ്രേഷ്ഠമായ ഭാഗ്യത്തെ കണ്ട് ഹർഷിതമായി കൊണ്ടിരിക്കുന്നു. ഇത്രയും ശ്രേഷ്ഠമായ ഭാഗ്യം, ഇത്രയും സഹജമായി പ്രാപ്തമായി– അങ്ങനെയുള്ള ഭാഗ്യം മുഴുവൻ കല്പത്തിലും താങ്കൾ ബ്രാഹ്മണ ആത്മാക്കൾക്കല്ലാതെ മറ്റാർക്കുമില്ല. താങ്കൾ ബ്രാഹ്മണാത്മാക്കൾ മാത്രമാണ് ഈ ഭാഗ്യത്തിന്റെ അധികാരികൾ. ഈ ബ്രാഹ്മണ ജന്മം ലഭിച്ചിരിക്കുന്നത് തന്നെ കഴിഞ്ഞ കല്പത്തിലെ ഭാഗ്യമനുസരിച്ചാണ്. ജന്മം തന്നെ ശ്രേഷ്ഠ ഭാഗ്യത്തിന്റെ ആധാരത്തിലാണ് കാരണം ബ്രാഹ്മണ ജന്മം സ്വയം ഭഗവാനിലൂടെയാണ് ഉണ്ടാകുന്നത്. അനാദി അച്ഛനും ആദി ബ്രഹ്മാവിലുമൂടെ ഈ അലൗകീക ജന്മം പ്രാപ്തമായി. ഏതൊരു ജന്മമാണോ ഭാഗ്യവിധാതാവിലൂടെ ഉണ്ടായത് ആ ജന്മം എത്ര ഭാഗ്യമുള്ളതായിരിക്കും. തന്റെ ഈ ശ്രേഷ്ഠമായ ഭാഗ്യത്തെ സദാ സ്മൃതിയിൽ വച്ച് ഹർഷിതമായിരിക്കുന്നുവോ? സദാ സ്മൃതി പ്രത്യക്ഷ രൂപത്തിലാകണം, സദാ മനസ്സിൽ ഇമർജ്ജ് ചെയ്യൂ. കേവലം ബുദ്ധിയിൽ അടങ്ങിയിട്ടുണ്ട്, അങ്ങനെയല്ല. എന്നാൽ ഓരോ ചലനത്തിലും മുഖത്തിലും സ്മൃതിസ്വരൂപം പ്രത്യക്ഷ രൂപത്തിൽ സ്വയം അനുഭവപ്പെടണം, മറ്റുള്ളവർക്കും കാണപ്പെടണം– ഇവരുടെ ചലനത്തിൽ, മുഖത്തിൽ ശ്രേഷ്ഠമായ ഭാഗ്യത്തിന്റെ രേഖ സ്പഷ്ടമായി കാണപ്പെടുന്നുവെന്ന്. എത്ര പ്രകാരത്തിലുള്ള ഭാഗ്യം പ്രാപ്തമാണ്, അതിന്റെ ലിസ്റ്റ് സദാ മസ്തകത്തിൽ സ്പഷ്ടമായിരിക്കണം. കേവലം ഡയറിയിലല്ല ലിസ്റ്റ് ഉണ്ടായിരിക്കേണ്ടത് എന്നാൽ മസ്തകമധ്യത്തിൽ ഭാഗ്യത്തിന്റെ രേഖ തിളങ്ങുന്നതായി കാണപ്പെടണം.

ആദ്യത്തെ ഭാഗ്യം– ജന്മം തന്നെ ഭാഗ്യവിധാതാവിലൂടെയുണ്ടായതാണ്. രണ്ടാമത്തെ കാര്യം– ഏതൊരു ആത്മാവിനോ അഥവാ ധർമ്മാത്മാവിനോ, മഹാത്മാവിനോ ലഭിക്കാത്ത ഭാഗ്യം– ഒരു ഭഗവാൻ തന്നെ അച്ഛനുമാണ്, അധ്യാപകനുമാണ്, സത്ഗുരുവുമാണ്. മുഴുവൻ കല്പത്തിലും ഇങ്ങനെയാരെങ്കിലുമുണ്ടോ? ഒന്നിലൂടെ തന്നെ അച്ഛന്റെ ബന്ധത്തിൽ സമ്പത്ത് പ്രാപ്തമായി, അധ്യാപകന്റെ രൂപത്തിൽ ശ്രേഷ്ഠമായ പഠനത്തിന്റെയും പദവിയുടെയും പ്രാപ്തി, സത്ഗുരുവിന്റെ രൂപത്തിൽ മഹാമന്ത്രത്തിന്റെയും വരദാനത്തിന്റെയും പ്രാപ്തി. സമ്പത്തായി സർവ്വ ഖജനാക്കളുടെ അധികാരം പ്രാപ്തമായി. സർവ്വ ഖജനാക്കളുമില്ലേ. ഏതെങ്കിലും ഖജനാവിന്റെ കുറവുണ്ടോ? ടീച്ചേഴ്സിന് എന്തെങ്കിലും കുറവുണ്ടോ? വീട് വലുതായിരിക്കണം, നല്ല നല്ല വിദ്യാർത്ഥികൾ ഉണ്ടാകണം, ഇത് കുറവാണോ? അല്ല. എത്രത്തോളം നിർവ്വിഘ്നമായി സേവനം മുന്നോട്ട് പോകുന്നുവോ സേവനത്തോടൊപ്പം സേവനത്തിന്റെ സാധനങ്ങൾ സഹജമായി സ്വതവേ വർദ്ധിക്കുക തന്നെ ചെയ്യും.

ബാബയിലൂടെ സമ്പത്തും ശ്രേഷ്ഠമായ പാലനയും ലഭിച്ചു കൊണ്ടിരിക്കുന്നു. പരമാത്മ പാലന എത്ര ഉയർന്ന കാര്യമാണ്. ഭക്തിയിൽ പാടുന്നുണ്ട്– പരമാത്മാവ് പാലിക്കുന്നവനാണ് എന്ന്. എന്നാൽ നിങ്ങൾ ഭാഗ്യശാലി ആത്മാക്കൾ ഒരോ ചുവടിലും പരമാത്മ പാലനയിലൂടെ തന്നെയാണ് അനുഭവിച്ചു കൊണ്ടിരിക്കുന്നത്. പരമാത്മ ശ്രീമതം തന്നെയാണ് പാലന. ശ്രീമതമില്ലാതെ അർത്ഥം പരമാത്മ പാലനയിലൂടെയല്ലാതെ ഒരു ചുവട് പോലും വയ്ക്കാനാകില്ല. അങ്ങനെയുള്ള പാലന കേവലം ഇപ്പോൾ മാത്രമാണ് പ്രാപ്തമാകുന്നത്, സത്യയുഗത്തിൽ പോലും ലഭ്യമാകില്ല. അത് ദേവാത്മാക്കളുടെ പാലനയാണ്, ഇപ്പോൾ പരമാത്മ പാലനയിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ പ്രത്യക്ഷമായ അനുഭവത്തിലൂടെ പറയാൻ സാധിക്കും– നമ്മളെ പാലിക്കുന്നത് സ്വയം ഭഗവാനാണ് എന്ന്. ദേശത്തായിക്കോട്ടെ, വിദേശത്തായിക്കോട്ടെ എന്നാൽ ഓരോ ബ്രാഹ്മണ ആത്മാവും ഉടനെ ലഹരിയോടെ പറയും– എന്നെ പാലിക്കുന്നത് പരമ ആത്മാവാണ് എന്ന്. അത്രയും ലഹരിയുണ്ടോ! അതോ ഇടയ്ക്ക് അപ്രത്യക്ഷമാകുന്നു, ഇടയ്ക്ക് പ്രത്യക്ഷമാകുന്നു, അങ്ങനെയാണോ? ജന്മനാ തന്നെ പരിധിയില്ലാത്ത ഖജനാക്കൾ കൊണ്ട് നിറഞ്ഞ് അവിനാശി സമ്പത്തിന്റെ അധികാരം നേടിയെടുത്തു.

അതോടൊപ്പം ജന്മമെടുത്തപ്പോൾ തന്നെ ത്രികാലദർശി, സത്യമായ ടീച്ചറുടെ മൂന്ന് കാലങ്ങളുടെ പഠിപ്പ് എത്രയോ സഹജമായ വിധിയിലൂടെ പഠിപ്പിച്ചു! എത്രയോ ശ്രേഷ്ഠമായ പഠനമാണ്. പഠിപ്പിക്കുന്നയാളും എത്ര ശ്രേഷ്ഠമാണ്! എന്നാൽ ആരെയാണ് പഠിപ്പിച്ചത്? ആരിലാണോ ലോകത്തിന് യാതൊരു പ്രതീക്ഷയില്ലാതിരുന്നത്, അവരെ പഠിപ്പിച്ച് പ്രതീക്ഷയുള്ളവരാക്കി മാറ്റി. പഠിപ്പിക്കുക മാത്രമല്ല ചെയ്തത് എന്നാൽ പഠിത്തം പഠിക്കുന്നതിന്റെ ലക്ഷ്യം തന്നെയാണ് ഉയർന്നതിലും വച്ച് ഉയർന്ന പദവി പ്രാപ്തമാക്കുക എന്നത്. പരമാത്മ പഠിത്തത്തിലൂടെ പ്രാപ്തമാക്കി കൊണ്ടിരിക്കുന്ന ശ്രേഷ്ഠമായ പദവി, മുഴുവൻ ലോകത്തെ

ഉയർന്നതിലും വച്ച് ഉയർന്ന പദവിയുടെ മുന്നിൽ ഈ പദവി എത്ര ശ്രേഷ്ഠമാണ്! അനാദി സൃഷ്ടി ചക്ര ത്തിനകത്ത് ദ്വാപരം മുതൽ  ഇപ്പോൾ വരെ ലഭിച്ചിട്ടുള്ള വിനാശി പദവികളിൽ വച്ച് സർവ്വ ശ്രേഷ്ഠ പദവി ആദ്യം രാജ്യ പദവി തന്നെയാണ് എന്നു പാടപ്പെട്ടിരിക്കുന്നു. എന്നാൽ നിങ്ങളുടെ രാജ്യ പദവിക്ക് മുന്നിൽ ആ രാജ്യ പദവിയെന്താണ്? ശ്രേഷ്ഠമാണോ? ഇന്നത്തെ കാലത്തെ ഏറ്റവും ശ്രേഷ്ഠമായ പദവിയെന്ന് പറയുന്നത്- പ്രസിഡന്റ്, പ്രധാനമന്ത്രി പദവികളാണ്. വലുതിലും വച്ച് വലിയ പഠിത്തത്തിലൂടെ ഫിലോസ ഫർ ആകാം, ചെയർമാൻ, ഡയറക്ടർ മുതലായവരാകാം, വലുതിലും വച്ച് വലിയ ഓഫീസറായി തീരാം. എന്നാൽ ഈ പദവികളെല്ലാം താങ്കളുടെ മുന്നിൽ എന്താണ്! നിങ്ങൾക്ക് ഒരു ജന്മത്തിൽ ജന്മ ജന്മത്തേ ക്കായി ശ്രേഷ്ഠ പദവി പ്രാപ്തമാകുമെന്ന പരമാത്മാവിന്റെ ഗ്യാരന്റിയാണ്, ആ ഒരു ജന്മത്തെ പഠിത്തത്തി ലൂടെ ഒരു ജന്മത്തെങ്കിലും പദവി ലഭിക്കുമെന്നതിൽ ഗ്യാരന്റിയില്ല. നിങ്ങൾ എത്ര ഭാഗ്യശാലികളാണ്- പദ വിയും സർവ്വ ശ്രേഷ്ഠം, ഒരു ജന്മത്തെ പഠിത്തം അനേക ജന്മങ്ങളിലെ പദവിയുടെ പ്രാപ്തി! അപ്പോൾ ഭാഗ്യമായില്ലേ! മുഖത്തിലൂടെ കാണപ്പെടുന്നുണ്ടോ? ചലനത്തിലൂടെ കാണപ്പെടുന്നുണ്ടോ? എന്തെന്നാൽ പെരുമാറ്റത്തിലൂടെ മനുഷ്യരുടെ  സ്ഥിതി അറിയാം. ഇങ്ങനെയുള്ള പെരുമാറ്റമാണോ താങ്കളുടെ ഇത്രയും ഭാഗ്യത്തിന്റെ സ്ഥിതി കാണപ്പെടുന്ന വിധം. അതോ ഇപ്പോൾ സാധാരണമായിട്ടാണോ തോന്നുന്നത്? എന്താണ്? സാധാരണതയിൽ മഹാനത കാണപ്പെടണം. നിങ്ങളുടെ ജഢ ചിത്രം ഇപ്പോൾ വരെ മഹാനത യുടെ അനുഭവം ചെയ്യിക്കുന്നുണ്ട്. ഇപ്പോഴും എങ്ങനെയുള്ള ആത്മാവിനെയും ലക്ഷ്മീ- നാരായണൻ അഥവാ സീത-രാമൻ അഥവാ ദേവിമാരാക്കി ഒരുക്കുമ്പോൾ സാധാരണ വ്യക്തിയിൽ പോലും മഹാനത യുടെ അനുഭവം ചെയ്ത് തല കുമ്പിടുന്നില്ലേ! ഇവർ വാസ്തവത്തിൽ നാരയണനോ രാമനോ അല്ലായെ ന്നറിയാം, ഒരുക്കിയിരിക്കുകയാണെന്നറിയാം, എന്നാലും ആ സമയത്ത് മഹാനതയുടെ മുന്നിൽ ശിരസ്സ് കുനിയുന്നു, നമിക്കുന്നു, പൂജിക്കുന്നു. എന്നാൽ നിങ്ങൾ സ്വയം ചൈതന്യ ദേവീ ദേവാത്മാക്കളാണ്. നിങ്ങൾ ചൈതന്യ ആത്മാക്കളിലൂടെ എത്രയോ മഹാനതയുടെ അനുഭവമുണ്ടാകണം! ഉണ്ടാകുന്നുണ്ടോ? തന്റെ ശ്രേഷ്ഠമായ ഭാഗ്യത്തെ മനസ്സ് കൊണ്ട് നമസ്കരിക്കണം, കൈ കൊണ്ടോ ശിരസു കൊണ്ടോ അല്ല. മനസ്സ് കൊണ്ട് തന്റെ ഭാഗ്യത്തിന്റെ അനുഭവം ചെയ്ത് സ്വയവും സന്തോഷത്തിൽ നൃത്തം ചെയ്യ ണം.

ഇത്രയും ശ്രേഷ്ഠമായ പഠിത്തത്തിന്റെ പ്രാപ്തി ശ്രേഷ്ഠമായ ഭാഗ്യമാണ്. മനുഷ്യർ പഠിത്തം പഠിക്കുന്നത് തന്നെ ഈ ജന്മത്തെ ശരീരത്തിനായി സമ്പാദിക്കുന്നതിനാണ്, അതിനെയാണ് വരുമാന മാർഗ്ഗം എന്ന് പറ യുന്നത്. നിങ്ങളുടെ പഠിത്തത്തിലൂടെ വരുമാനം എത്ര ലഭിക്കുന്നു? സമ്പന്നരല്ലേ. നിങ്ങളുടെ വരുമാന ത്തിന്റെ കണക്കെന്താണ്? അവരുടെ കണക്കുണ്ടാകാം ലക്ഷങ്ങളിൽ, കോടികളിൽ. എന്നാൽ താങ്കൾക്ക് എത്ര സമ്പാദ്യമുണ്ട്? ചുവടിൽ കോടി. അതിനാൽ മുഴുവൻ ദിവസം എത്ര ചുവടുകൾ വയ്ക്കുന്നുണ്ട്, എത്ര മടങ്ങ് സമ്പാദിക്കുന്നു? ഇത്രയും സമ്പാദ്യം മറ്റാർക്കെങ്കിലുമുണ്ടോ? എത്ര വലിയ ഭാഗ്യമാണ് നിങ്ങളുടേത്! അപ്പോൾ തന്റെ പഠിത്തത്തിന്റെ ഭാഗ്യത്തെ പ്രത്യക്ഷ രൂപത്തിൽ അനുഭവിക്കൂ. ആരോടെ ങ്കിലും ചോദിച്ചാൽ പറയും- ബ്രഹ്മാകുമാർ കുമാരിയാണ്, ആയി തീർന്നല്ലോ. എന്നാൽ ബ്രഹ്മാകുമാർ അഥവാ ബ്രഹ്മാകുമാരി അർത്ഥം ശ്രേഷ്ഠ ഭാഗ്യത്തിന്റെ രേഖ മസ്തകത്തിൽ തിളങ്ങുന്നതായി കാണപ്പെ ടണം. ബ്രഹ്മാകുമാർ കുമാരിയാണ്, എന്നാൽ ലഭിച്ചോളും, എന്തെങ്കിലും ആയി തീരും, പൊയ്ക്കൊണ്ടി രിക്കുന്നു, ആയി തീർന്നു.... ആയി തീർന്നോ അതോ ഭാഗ്യത്തെ കണ്ട് പറന്നു കൊണ്ടിരിക്കുകയാണോ? ഇതിൽ ആയി തീർന്നു, ആയിട്ടൊക്കെയുണ്ട്, നടന്നു കൊണ്ടിരിക്കുന്നു....ഈ വാക്കുകൾ ആരുടേതാണ്? ശ്രേഷ്ഠ ഭാഗ്യശാലികളുടെ വാക്കുകളാണോ? ബ്രഹ്മാകുമാർ കുമാരി അർത്ഥം ആനന്ദത്തോടെ സന്തോ ഷത്തിൽ ജീവിതം നയിക്കുന്നവർ. ഇടയ്ക്ക് ഗത്യന്തരമില്ലായ്മ, ഇടയ്ക്ക് സ്നേഹം. എന്തെങ്കിലും പ്രശ്നം വരുമ്പോൾ എന്ത് പറയുന്നു- ആഗ്രഹിച്ചില്ല പക്ഷെ നിർബന്ധിതയായി. ഭാഗ്യവാൻ അർത്ഥം നിർബന്ധം സമാപ്തം, സ്നേഹത്തോടെ മുന്നോട്ട് പോകുന്നവർ. ആഗ്രഹിക്കുന്നുണ്ട്, പക്ഷെ.....ഇങ്ങനെയുള്ള ഭാഷ ഭാഗ്യവാനായ ആത്മാക്കളുടേതല്ല. ഭാഗ്യവാനായ ആത്മാക്കൾ സ്നേഹത്തിന്റെ ഊഞ്ഞാലിൽ ആനന്ദ ത്തിൽ പറക്കുന്നു. പറക്കുന്ന കലയുടെ ആനന്ദത്തിലിരിക്കുന്നു. നിർബന്ധിക്കപ്പെട്ട് അവർ ഒന്നും ചെയ്യില്ല. മനസ്സിലായോ? തന്റെ ശ്രേഷ്ഠമായ ഭാഗ്യത്തെ ഗുപ്തമാക്കി വയ്ക്കരുത്, പ്രത്യക്ഷമാക്കണം.

മൂന്നാമത്തെ കാര്യം- സത്ഗുരുവിലൂടെ എന്ത് ഭാഗ്യമാണ് പ്രാപ്തമായത്? ആദ്യം മഹാമന്ത്രം ലഭിച്ചു. സത്ഗുരുവിന്റെ മഹാമന്ത്രം എന്താണ്? പവിത്രമാകൂ, യോഗിയാകൂ. ജന്മമെടുത്തപ്പോൾ തന്നെ ഈ മഹാ മന്ത്രം സത്ഗുരുവിലൂടെ പ്രാപ്തമായി, ഇതേ മഹാമന്ത്രം സർവ്വ പ്രാപ്തികളുടെ താക്കോലാണ്, സർവ്വ കുട്ടികൾക്കും ലഭിച്ചിരിക്കുന്നു. യോഗീ ജീവിതം, പവിത്രമായ ജീവിതം- തന്നെയാണ് സർവ്വ പ്രാപ്തികളു ടെയും ആധാരം അതിനാൽ ഇതാണ് താക്കോൽ. പവിത്രതയില്ലായെങ്കിൽ യോഗീ ജീവിതമില്ല അപ്പോൾ അധികാരിയായിട്ടും അധികാരത്തിന്റെ അനുഭവം ചെയ്യാൻ സാധിക്കില്ല അതിനാൽ ഈ മഹാമന്ത്രം സർവ്വ

ഖജനാക്കളുടെ അനുഭവത്തിന്റെ താക്കോലാണ്. ഇങ്ങനെയുള്ള താക്കോലിന്റെ മഹാമന്ത്രം സത്ഗുരുവിലൂടെ സർവ്വർക്കും ശ്രേഷ്ഠ ഭാഗ്യത്തിന്റെ രൂപത്തിൽ ലഭിച്ചിരിക്കുന്നു., അതോടൊപ്പം സത്ഗുരുവിലൂടെ വരദാനവും പ്രാപ്തമായി. വരദാനങ്ങളുടെ ലിസ്റ്റ് വളരെ വലുതല്ലേ. എത്ര വരദാനങ്ങൾ ലഭിച്ചിരിക്കുന്നു? ഇത്രയും വരദാനങ്ങളുടെ ഭാഗ്യം പ്രാപ്തമായി, വരദാനങ്ങളാൽ മുഴുവൻ ബ്രാഹ്മണ ജീവിതം നയിച്ചു കൊണ്ടിരിക്കുന്നു, നയിക്കാനും സാധിക്കും. എത്ര വരദാനങ്ങളാണ്, ലിസ്റ്റ് അറിയാമോ? അതിനാൽ സമ്പത്തുമാണ്, പഠിത്തവുമാണ്, മഹാമന്ത്രത്തിന്റെ താക്കോലുമാണ്, വരദാനങ്ങളുടെ ഖനിയുമാണ്. അതിനാൽ എത്രയോ ഭാഗ്യവാനായി! അതോ മറച്ച് വച്ചിരിക്കുകയാണോ, അതോ അവസാനം തുറക്കാൻ വച്ചിരിക്കുകയാണോ? വളരെക്കാലത്തെ ഭാഗ്യത്തിന്റെ അനുഭവം ചെയ്യുന്നവർ അന്തിമത്തിൽ പ്രത്യക്ഷത്തിൽ കോടിമടങ്ങ് ഭാഗ്യവാൻമാരാകും. ഇപ്പോളില്ലായെങ്കിൽ അന്തിമത്തിലും ഇല്ല. ഇപ്പോളുണ്ടെങ്കിൽ അന്തിമത്തിലുമുണ്ട്. അന്തിമത്തിൽ സമ്പൂർണ്ണമാകും എന്ന് ഒരിക്കലും ചിന്തിക്കരുത്. സമ്പൂർണ്ണതയുടെ ജീവിതത്തിന്റെ അനുഭവം ഇപ്പോൾ മുതലേ ആരംഭിക്കണം എങ്കിലേ അന്തിമത്തിൽ പ്രത്യക്ഷ രൂപത്തിൽ വരുകയുള്ളൂ. ഇപ്പോൾ സ്വയത്തിന് അനുഭവപ്പെടണം, മറ്റുള്ളവർക്കും അനുഭവപ്പെടണം, സമീപ സമ്പർക്കത്തിൽ വരുന്നവർക്കും അനുഭവപ്പെടണം, അന്തിമത്തിൽ വിശ്വത്തിൽ പ്രത്യക്ഷമാകും. മനസ്സിലായോ?

ബാപ്ദാദ ഇന്ന് സർവ്വ കുട്ടികളുടെയും ഭാഗ്യത്തിന്റെ ശ്രേഷ്ഠമായ രേഖ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ബാബ എത്രത്തോളം ഭാഗ്യം കണ്ടുവൊ അത്രയും അനുഭവം കുട്ടികൾ കുറവാണ് ചെയ്യുന്നത്. ഭാഗ്യത്തിന്റെ ഖനി സർവ്വർക്കും പ്രാപ്തമാണ്. എന്നാൽ ചിലർക്ക് കാര്യത്തിൽ ഉപയോഗിക്കാനറിയാം, ചിലർക്കറിയില്ല. എത്രത്തോളം കാര്യത്തിലുപയോഗിക്കണോ അത്രയും ചെയ്യുന്നില്ല. ലഭിച്ചത് എല്ലാവർക്കും ഒരേ പോലെയാണ് എന്നാൽ ഖജനാക്കളെ കാര്യത്തിൽ ഉപയോഗിച്ച് ബാബയുടെ ഖജനാവിനെ സ്വന്തം ഖജനാവായി അനുഭവം ചെയ്യുക– ഇതിൽ സ്വയം നമ്പർ ഉണ്ടാക്കിയിരിക്കുന്നു. മനസ്സിലായോ, നമ്പർ എന്ത് കൊണ്ട് ഉണ്ടായിയെന്ന് എത്രത്തോളം ഉപയോഗിക്കുന്നുവൊ, കാര്യത്തിൽ കൊണ്ടു വരുന്നുവൊ അത്രയും വർദ്ധിക്കുന്നു. ഉപയോഗിക്കാതെ വച്ചാൽ വർദ്ധിക്കില്ല, സ്വയവും അനുഭവിക്കാൻ സാധിക്കില്ല, മറ്റുള്ളവരെയും അനുഭവം ചെയ്യിക്കാൻ സാധിക്കില്ല അതിനാൽ ചലനത്തിലും മുഖത്തിലും പ്രത്യക്ഷത്തിൽ കൊണ്ടു വരൂ. എന്താണ് ചെയ്യേണ്ടതെന്ന് മനസ്സിലായോ? ഏത് നമ്പറിൽ വന്നാലും നല്ലത്. 108ൽ വന്നില്ലായെങ്കിൽ 16000ൽ വരട്ടെ, എന്തെങ്കിലും ലഭ്യമാകട്ടെ. എന്നാൽ 16000ത്തിന്റെ മാല സദാ ജപിക്കപ്പെടാറില്ല, എവിടെയെങ്കിലും ഇടയ്ക്കിടയ്ക്കാണ് ജപിക്കുന്നത്. 108ന്റെ മാല സദാ ജപിക്കുന്നു. ഇപ്പോൾ ഞാൻ ആര്? ഇത് സ്വയം മനസ്സിലാക്കൂ. ബാബ അല്ലെങ്കിൽ മറ്റാരെങ്കിലും നിങ്ങൾ 16000ന്റെ മാലയിൽ വരും എന്ന് പറഞ്ഞാൽ നിങ്ങൾ എന്ത് പറയും? അംഗീകരിക്കുമോ? ചോദ്യ ചിഹ്നം വരാൻ ആരംഭിക്കും അതിനാൽ സ്വയത്തെ മനസ്സിലാക്കൂ– ഞാൻ ആര് എന്ന്. ശരി!

നാല് ഭാഗത്തുമുള്ള സർവ്വ ശ്രേഷ്ഠമായ ഭാഗ്യവാനായ ആത്മാക്കൾക്ക്, സർവ്വ ജന്മനാ പ്രാപ്തമായ പരമാത്മ ജന്മത്തിന്റെ അധികാരി ആത്മാക്കൾക്ക്, സർവ്വ ബാബയിലൂടെ ശ്രേഷ്ഠമായ സമ്പത്തും പരമാത്മ പാലനയും പ്രാപ്തമാക്കുന്ന, സത്യമായ ടീച്ചറിലൂടെ ശ്രേഷ്ഠമായ പഠിത്തത്തിന്റെ ശ്രേഷ്ഠമായ പദവിയും സമ്പാദ്യവും സമ്പാദിക്കുന്ന, സത്ഗുരുവിലൂടെ മഹാമന്ത്രവും സർവ്വ വരദാനവും പ്രാപ്തമാക്കുന്ന– അതി ശ്രേഷ്ഠമായ ഭാഗ്യശാലി , ഓരോ ചുവടിലും കോടിമടങ്ങ് സമ്പാദിക്കുന്ന ശ്രേഷ്ഠരായ ആത്മാക്കൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

**അവ്യക്ത ബാപ്ദാദായുമായുള്ള സംഭാഷണം**

**യഥാർത്ഥമായ സേവനം അഥവാ യഥാർത്ഥമായ ഓർമ്മയുടെ ലക്ഷണമാണ്– നിർവ്വിഘ്നരായിരിക്കുക, നിർവ്വിഘ്നമാക്കുക**

സദാ തന്റെ ശ്രേഷ്ഠമായ ഭാഗ്യത്തിന്റെ ഗീതം സ്വതവേ തന്നെ മനസ്സിൽ മുഴങ്ങുന്നുണ്ടോ? ഇത് അനാദി അവിനാശി ഗീതമാണ്. ഇത് മുഴക്കേണ്ട ആവശ്യമില്ല എന്നാൽ സ്വതവേ തന്നെ മുഴങ്ങുന്നു. സദാ ഈ ഗീതം മുഴങ്ങുക അർത്ഥം സദാ തന്റെ സന്തോഷത്തിന്റെ ഖജനാവിനെ അനുഭവം ചെയ്യുക. സദാ സന്തോഷമായിരിക്കുന്നുണ്ടോ? ബ്രാഹ്മണരുടെ കർത്തവ്യം തന്നെയാണ് സന്തോഷമായിരിക്കുക, സന്തോഷം വിതരണം ചെയ്യുക. ഇതേ സേവനത്തിൽ സദാ ബിസിയായിരിക്കുന്നുണ്ടോ? അതോ ഇടയ്ക്ക് മറക്കുന്നുണ്ടോ? മായ വരുമ്പോൾ എന്ത് ചെയ്യുന്നു? മായ എത്ര സമയം ഉണ്ടോ അത്രയും സമയം സന്തോഷത്തിന്റെ ഗീതം സമാപ്തമാകുന്നു. ബാബ സദാ കൂടെയുണ്ടെങ്കിൽ മായക്ക് വരാൻ സാധിക്കില്ല. മായ വരുന്നതിന് മുമ്പേ തന്നെ ബാബയുമായുള്ള കൂട്ട്കെട്ട് അകറ്റി ഒറ്റയ്ക്കാക്കുന്നു, എന്നിട്ട് യുദ്ധം ചെയ്യുന്നു.

ബാബ കൂടെയുണ്ടെങ്കിൽ മായ നമസ്ക്കരിക്കും, യുദ്ധം ചെയ്യില്ല. അതിനാൽ മായയെ നന്നായി മനസ്സിലാക്കി– ഇത് ശത്രുവാണ് എന്ന്, പിന്നെ എന്തിന് വരാൻ അനുവദിക്കുന്നു? ബാബയുടെ കൂട്ട് ഉപേക്ഷിക്കുമ്പോഴാണ് മായക്ക് വരാനുള്ള വാതിൽ ലഭിക്കുന്നത്. വാതിലിന് ഡബിൾ ലോക്കിടൂ, ഒരു ലോക്കല്ല. ഇന്നത്തെ കാലത്ത് ഒരു പൂട്ട് പോരാ. അപ്പോൾ ഡബിൾ ലോക്കാണ്– ഓർമ്മയും സേവനവും. സേവനവും നിസ്വാർത്ഥമായ സേവനമാണോ അതോ എന്തെങ്കിലും സ്വാർത്ഥത നിറഞ്ഞിട്ടുണ്ടോ? സേവനം ചെയ്തിട്ടും, ഓർമ്മയിലിരുന്നിട്ടും മായ വരുന്നുവെങ്കിൽ തീർച്ചയായും സേവനം അഥവാ ഓർമ്മയിൽ എന്തെങ്കിലും കുറവുണ്ട് എന്നർത്ഥം.

സദാ സന്തോഷത്തിന്റെ ഗീതം പാടുന്ന ശ്രേഷ്ഠ ഭാഗ്യവാനാത്മാക്കളാണ്– ഈ സ്മൃതിയിലൂടെ മുന്നോട്ടു പോകൂ. യഥാർത്ഥമായ യോഗം അഥവാ യഥാർത്ഥമായ സേവനം– ഇതിന്റെ ലക്ഷണമാണ് നിർവ്വിഘ്നമായിരിക്കുക, നിർവ്വിഘ്നമാക്കുക. നിർവ്വിഘ്നമായോ അതോ ഇടയ്ക്കിടയ്ക്ക് വിഘ്നം വരുന്നുണ്ടോ? അപ്പോൾ ഇടയ്ക്ക് പാസാകുന്നു ഇടയ്ക്ക് കുറച്ച് പരാജയപ്പെടുന്നു. ഏതൊരു കാര്യം സംഭവിക്കുമ്പോൾ അതിൽ ലേശമെങ്കിലും ഏതെങ്കിലും പ്രകാരത്തിലുള്ള ഫീലിംഗ് ഉണ്ടാകുന്നു– ഇതെന്ത് കൊണ്ട്, ഇതെന്ത്.....ഫീലിംഗ് വരിക അർത്ഥം വിഘ്നം. സദാ ചിന്തിക്കൂ– വ്യർത്ഥമായ ഫീലിംഗിൽ നിന്നുപരി, ഫീലിംഗ് പ്രൂഫ് ആത്മാക്കളാകണം. അപ്പോൾ മായാജീത്തായി മാറും. എന്നാലും നോക്കൂ– ബാബയുടേതായില്ലേ, ബാബയുടേതാകുക എന്നത് എത്ര സന്തോഷത്തിന്റെ കാര്യമാണ്. ഒരിക്കലും സ്വപ്നത്തിൽ പോലും ചിന്തിച്ചില്ലായിരുന്നു– ഭഗവാന്റെ ഇത്രയും സമീപ സംബന്ധത്തിൽ വരുമെന്ന്! എന്നാൽ സാകാരത്തിൽ ആയി തീർന്നു. അപ്പോൾ എന്ത് ഓർമ്മിക്കും? സദാ സന്തോഷത്തിന്റെ ഗീതം പാടുന്നവർ. ഈ സന്തോഷത്തിന്റെ ഗീതം ഒരിക്കലും സമാപ്തമാകില്ല.

ടീച്ചേഴ്സിന്റെ അർത്ഥം തന്നെയാണ് തന്റെ ഫീച്ചേഴ്സിലൂടെ സർവ്വരെയും ഫരിസ്ഥയുടെ ഫീച്ചേഴ്സ് അനുഭവം ചെയ്യിക്കുന്നവർ. അങ്ങനെയുള്ള ടീച്ചേഴ്സല്ലേ? സാധാരണ രൂപം കാണപ്പെടരുത്, സദാ ഫരിസ്ഥാ രൂപം കാണപ്പെടണം കാരണം ടീച്ചേഴ്സ് നിമിത്തമല്ലേ. അതിനാൽ നിമിത്തമായവർ അവർക്കുണ്ടായ അനുഭവമാണ് മറ്റുള്ളവരെയും കൊണ്ട് ചെയ്യിക്കുന്നത്. നിമിത്തമായി എന്നുള്ളതും ഭാഗ്യമാണ്. ഇപ്പോൾ ഇതേ ഭാഗ്യത്തെ സ്വയം അനുഭവത്തിൽ വർദ്ധിപ്പിക്കൂ, മറ്റുള്ളവരെ കൊണ്ടും ചെയ്യിക്കൂ. ഏറ്റവും വിശേഷമായ കാര്യമാണ് അനുഭവീ മൂർത്താകൂ.

**വരദാനം– ഉത്തരവാദിത്വത്തിന്റെ സ്മൃതിയിലൂടെ സദാ ജാഗരൂകരായിരിക്കുന്ന ശുഭ ഭാവനയും ശുഭ കാമനയും കൊണ്ട് സമ്പന്നരായി ഭവിക്കട്ടെ.**

താങ്കൾ കുട്ടികൾ പ്രകൃതിയുടെയും മനുഷ്യാത്മാക്കളുടെയും മനോവൃത്തിയെ പരിവർത്തനപ്പെടുത്തുന്നതിന് ഉത്തരവാദിത്വമുള്ളവരാണ്. എന്നാൽ ഈ ഉത്തരവാദിത്വം നിറവേറ്റാൻ അപ്പോഴേ ആകൂ എപ്പോഴാണോ താങ്കളുടെ മനോഭാവം ശുഭ ഭാവനയും, ശുഭ കാമനയും കൊണ്ട് സമ്പന്നവും , സതോപ്രധാനവും, ശക്തിശാലിയുമാകുക. ഉത്തരവാദിത്വത്തിന്റെ സ്മൃതി സദാ ജാഗരൂകരാക്കി മാറ്റുന്നു. ഓരോ ആത്മാവിനും മുക്തി–ജീവൻമുക്തി നേടി കൊടുക്കുക, സമ്പത്തിന് അധികാരിയാക്കുക ഇത് വളരെ വലിയ ഉത്തരവാദിത്വമാണ് അതിനാൽ ഒരിക്കലും അലസതയുണ്ടാകരുത്, മനോഭാവം സാധാരണമാകരുത്.

**സ്ലോഗൻ– തന്റെ ഓരോ കർമ്മത്തിലൂടെ ആശ്രയദാതാവായ ബാബയെ പ്രത്യക്ഷമാക്കൂ എങ്കിൽ അനേക ആത്മാക്കൾക്ക് ആശ്രയം ലഭ്യമാകും.**